"ഭരണഭാഷ- മാതൃഭാഷ"

കേരളം സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ്- പഞ്ചായത്ത് ജീവനക്കാര്യം- കാസർഗോഡ് ജില്ലയിലെ മൂളിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.എ.ആർ.പ്രശാന്ത്കുമാർ- നെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കി- ഉത്തരവ് പുറപ്പെടുവിക്കുന്നു.

തദ്ദേശസ്വയംഭരണ(ഇപിബി) വകുപ്പ്

സ.ഉ.(സാധാ) നം.**2133/2026/LSGD** തീയതി,തിരുവനന്തപുരം, **09-11-2026**

പരാമർശം:-

1. **24.04.2024** ലെ വിജിലൻസ് ആന്റ്/ ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ **E18-(SC-84/2023/KSD)39939/2023/DVACB** നമ്പർ കത്ത്.
2. **27.03.2024** ലെ ഇപിബി3/196/2024/തസ്വഭവ നമ്പർ കുറ്റാരോപണ മെമ്മോ
3. ശ്രീ.എ.ആർ. പ്രശാന്ത്കുമാർ സമർപ്പിച്ച **22.05.2025** -ലെ എതിർവാദ പത്രിക
4. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടറുടെ **30/06/2026** -ലെ **LSGD/PD/12001/2025-VIGE4** നമ്പർ കത്ത്

ഉത്തരവ്

കാസർഗോഡ് ജില്ലയിലെ മുളിയാർ വില്ലേജിൽപ്പെട്ട കെ.കെ. പുറം എന്ന സ്ഥലത്ത് റവന്യൂ ഭൂമിയിൽപ്പെട്ട **40** സെന്റ് സ്ഥലം സ്വകാര്യ വ്യക്തികൾ കയ്യേറി അവിടെ ഹോസ്പിറ്റൽ നിർമ്മാണം നടത്തുന്നതായുള്ള സോഴ്സ് റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ വിജിലൻസ് നടത്തിയ പരിശോധന നടത്തി പരാമർശം **(1)** പ്രകാരം ചുവടെ പറയുന്ന അപാകതകൾ കണ്ടെത്തുകയുണ്ടായി.

1.മുളിയാർ ഗ്രാമപഞ്ചായത്തിലെ മാസ്തിക്കുണ്ട് എന്ന സ്ഥലത്ത് **CM Healing Hands Multi Speciality Hospital Private Limited** എന്ന പേരിലുള്ള ബിൽഡിംഗ് നിർമ്മാണത്തിന് സർക്കാർ പുറമ്പോക്ക് ഭൂമി ഉപയോഗപ്പെടുത്തിയാണ് ബിൽഡിംഗ് പ്ലാനിൽ കാണിച്ചിട്ടുള്ളതെന്ന കാര്യം മറച്ചുവെച്ച് പഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർമാർ റിപ്പോർട്ട് സമർപ്പിച്ചു.

2.മേൽ കെട്ടിടത്തിനായി സ്വകാര്യ വ്യക്തി താൽക്കാലിക കയ്യേറ്റം നടത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടും മുളിയാർ വില്ലേജ് ഓഫീസർമാർ ആയത് തടയുന്നതിനുള്ള യാതൊരു നടപടിയും സ്വീകരിച്ചില്ല.

3.മുളിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മാസ്തിക്കുണ്ട് എന്ന സ്ഥലത്ത് സർക്കാർ പുറമ്പോക്ക് ഭൂമിയോട് ചേർന്നുകിടക്കുന്ന സ്വകാര്യ വ്യക്തിയുടെ ഭൂമിയിൽ ബഹുനില ഹോസ്പിറ്റൽ കെട്ടിട നിർമ്മാണത്തിന് കൃത്യമായ പരിശോധന നടത്താതെയും ബിൽഡിംഗിന് അധികമായി ആയി നടത്തിയ നിർമ്മാണങ്ങൾക്ക് ഈടാക്കിയ പെർമിറ്റ് ഫീസിൽ മതിയായ വ്യക്തത വരുത്താതെയും ബിൽഡിംഗ് പെർമിറ്റ് അനുവദിക്കുക വഴി സർക്കാർ ഭൂമി താൽക്കാലികമായി അന്യാധീനപ്പെട്ടു പോകാൻ ഇടയായതായി കാണുന്നു..

2.മൂന്നാമത്തെ അപാകതയ്ക്ക് ഉത്തരവാദിയായ മുളിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.എ.ആർ.പ്രശാന്ത്കുമാർ-ൽ നിന്നും വിശദീകരണം വാങ്ങി ഉചിതമായ വകുപ്പുതല നടപടി സ്വീകരിക്കുന്നതിന് ശിപാർശ ചെയ്തതിനെ തുടർന്ന് ടിയാനെതിരെ **1960** ലെ കെ.സി.എസ് (സി.സി **&** എ) ചട്ടങ്ങളിലെ ചട്ടം **16** പ്രകാരം പരാമർശം**(2)** കുറ്റാരോപണ മെമ്മോ നൽകി അച്ചടക്ക നടപടി ആരംഭിക്കുകയുണ്ടായി.

3.കുറ്റാരോപണ മെമ്മോക്ക് ശ്രീ.എ.ആർ.പ്രശാന്ത്കുമാർ പരാമർശം **(3)** പ്രകാരം സമർപ്പിച്ച എതിർവാദ പത്രികയിൽ ചുവടെ പറയും പ്രകാരം മറുപടി നൽകുകയുണ്ടായി.

സാങ്കേതിക അപാകതകൾക്ക് പുറമെ പ്രസ്തുത പ്ലോട്ടിൽ റവന്യൂ ഭൂമി ഉൾപ്പെട്ടിട്ടുണ്ടോ എന്നുകൂടി പരിശോധിക്കുന്നതിനായി വില്ലേജ് ഓഫീസറുമായി ചേർന്ന് സംയുക്ത പരിശോധന വേണമെന്ന് ടിയാൻ നിർദ്ദേശിക്കുകയും **01.07.2023** ന് സെക്രട്ടറി, **LSGD AE**, ഓവർസിയർ, എന്നിവരുടെ സാന്നിധ്യത്തിൽ, വില്ലേജ് ഓഫീസർ ഡിജിറ്റൽ സർവ്വേ മുഖാന്തിരം സൈറ്റ് പരിശോധിക്കുകയും റവന്യൂ ഭൂമി കയ്യേറിയിട്ടില്ല എന്നും സമർപ്പിച്ച പ്ലാൻ പ്രകാരം കെട്ടിട ഉടമയുടെ അധീനതയിലുള്ള സ്ഥലത്ത് തന്നെയാണ് കെട്ടിടം നിലനിൽക്കുന്നതെന്നും വില്ലേജ് ഓഫീസർ സാക്ഷ്യപ്പെടുത്തുകയും ചെയ്തു. വിഷയത്തിൽ ലഭിച്ചിട്ടുള്ള രേഖകളുടെയും ഈടാക്കിയിട്ടുള്ള ഫീസ് സംബന്ധിച്ചും **KPBR** ചട്ടം **89,92** പ്രകാരം ബന്ധപ്പെട്ടവരുടെ സ്പഷ്ടീകരണത്തോടെയാണ് **Building Permit** അനുവദിച്ചിട്ടുള്ളത് .

4.എതിർവാദപത്രികയിന്മേൽ പ്രിൻസിപ്പൽ ഡയറക്ടർ പരാമർശം **(4)** പ്രകാരം അഭിപ്രായ റിപ്പോർട്ട് ചുവടെ സൂചിപ്പിക്കും പ്രകാരം സമർപ്പിക്കുകയുണ്ടായി.

*മുളിയാർ ഗ്രാമപഞ്ചായത്തിൽ മുളിയാർ വില്ലേജിലെ റി സർവ്വെ നം **38/4Pt9** ൽപ്പെട്ട **2469** ച.മീ **(65** സെൻറ്) വിസ്തൃതിയുള്ള പ്ലോട്ടിൽ ഗ്രൂപ്പ് സി ഗണത്തിൽപ്പെടുന്ന **5501.95** ച.മീ നിർമ്മിത വിസ്തീർണ്ണമുള്ള ഹോസ്പിറ്റൽ കെട്ടിടം പണിയുന്നതിന് സമർപ്പിച്ച അപേക്ഷയോടൊപ്പം ഹാജരാക്കിയ രേഖകളിൽ **38/4Pt9** ൽ പ്പെട്ട സ്ഥലത്തിന്റെ തെക്ക് അതിര് ജാൽസൂർ റോഡ് എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സൈറ്റ് പ്ലാനിലും തെക്ക് അതിര് റോഡ് എന്നാണ്*

രേഖപ്പെടുത്തിയിട്ടുള്ളത്. സ്ഥല പരിശോധന നടത്തിയ അസിസ്റ്റന്റ് എഞ്ചിനീയർ, ഫ്രണ്ട് സൈഡിൽ പൊതുമരാമത്ത് വകുപ്പ് സ്ഥലം എന്ന് വ്യക്തമാക്കിയിട്ടില്ല എന്ന അപാകത റിപ്പോർട്ട് ചെയ്യുകയും **18.03.2022** ൽ അത് പരിഹരിക്കുന്നതിന് കത്ത് നൽകുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ അപാകത പരിഹരിച്ച് **21.03.2022**-ൽ അപേക്ഷ പുനഃസമർപ്പിക്കുകയും പുനഃസമർപ്പിച്ച അപേക്ഷയോടൊപ്പം ഹാജരാക്കിയ സൈറ്റ് പ്ലാനിൽ **38/4Pt9** ൽ പ്പെട്ട സ്ഥലത്തിന്റെയും റോഡിന്റെയും ഇടയിൽ പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലം എന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. സൈറ്റ് പ്ലാനിൽ പൊതുമരാമത്ത് വകുപ്പിന്റെ സ്ഥലത്തു കൂടിയാണ് പ്രവേശനം കാണിച്ചിട്ടുള്ളത്. വില്ലേജ് ഓഫീസർ നൽകിയ **Eye Sketch**--ൽ വടക്ക്, പടിഞ്ഞാറ്, കിഴക്ക് ഭാഗങ്ങളിൽ സ്ഥിതി ചെയ്യുന്ന സ്ഥല ഉടമകളുടെ പേര് വിവരം രേഖപ്പെടുത്തിയിട്ടുണ്ട്. തെക്ക് ഭാഗത്ത് കെട്ടിടം നിർമ്മിക്കുന്ന പ്ലോട്ടിന്റെയും റോഡിന്റെയും ഇടയിൽ പുറംമ്പോക്ക് ഭൂമി ഉള്ളതായോ മറ്റ് വിവരങ്ങളോ രേഖപ്പെടുത്തിയിട്ടില്ല. സൈറ്റ് പ്ലാനിൽ സർക്കാർ ഭൂമിയിലൂടെയുള്ള പ്രവേശനമാർഗ്ഗം വ്യക്തമായി രേഖപ്പെടുത്തിയിട്ടും പെർമിറ്റ് അനുവദിച്ചത് തെറ്റായ നടപടിയാണ്.

ii)പെർമിറ്റ് ലഭ്യമായതിന് ശേഷം അപേക്ഷകൻ പ്രസ്തുത സ്ഥലത്തിനോട് ചേർന്നുള്ള, റീ- സർവ്വെ നം **38/3BPT1**- ൽ പ്പെട്ട **35** സെന്റ് വിസ്തൃതിയുള്ള പ്ലോട്ട് കൂട്ടിച്ചേർക്കുകയും റിവൈസ്ഡ് പ്ലാൻ സഹിതം റിവൈസ്ഡ് പെർമിറ്റിന് സംയുക്ത അപേക്ഷ നൽകുകയും ചെയ്തു. പ്രസ്തുത അപേക്ഷ പ്രകാരം മുളിയാർ വില്ലേജിലെ റീ- സർവ്വെ നം **38/4pt9,38/3BPT1**ൽ പ്പെട്ട **3886** ച.മീ വിസ്തൃതിയുള്ള പ്ലോട്ടിൽ ഗ്രൂപ്പ് സി ഗണത്തിൽപ്പെടുന്ന **6570.18** ച.മീ നിർമ്മിത വിസ്തീർണ്ണമുള്ള ഹോസ്പിറ്റൽ കെട്ടിടം പണിയുന്നതിന് കാസറഗോഡ് ജില്ല ടൌൺ പ്ലാനർ ലേ-ഓട്ട് ഓഫ് ബിൽഡിംഗ്സ് & യൂസേജ് ഓഫ് പ്ലോട്ട് അംഗീകാരം നൽകിയിരുന്നു. അന്വേഷണ ഉദ്യോഗസ്ഥനായ അസിസ്റ്റന്റ് എഞ്ചിനീയറുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ മുളിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയിരുന്നു. റിവൈസ്ഡ് പ്ലാൻ പ്രകാരം റിവൈസ്ഡ് പെർമിറ്റ് അനുവദിക്കുമ്പോൾ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങൾ **2019**, ചട്ടം **89** പ്രകാരമാണ് പെർമിറ്റ് ഫീസ് ഈടാക്കേണ്ടത്. റിവൈസ്ഡ് പെർമിറ്റിന് വേണ്ടി **10.04.2023**- ന് ശേഷം സമർപ്പിക്കുന്ന അപേക്ഷകളിൽ മുമ്പ് അനുവദിക്കപ്പെട്ട ബിൽറ്റ് -അപ്പ് ഏരിയയേക്കാൾ അധികരിച്ച ഏരിയക്ക് മാത്രം പുതിയ നിരക്കിൽ ഫീസ് ഈടാക്കേണ്ടതാണെന്ന് **09.05.2024**-ലെ സ.ഉ (സാധാ) **835/2024** തസ്വഭവ നമ്പർ പ്രകാരം സൃഷ്ടീകരണം നൽകി ഉത്തരവായിട്ടുള്ളതാണ്.

iii)ഫയൽ പരിശോധിച്ചതിൽ റിവൈസ്ഡ് പ്ലാൻ പ്രകാരമുള്ള അധിക ഏരിയക്ക് സ്കയർ മീറ്ററിന് **150**/-രൂപ നിരക്കിൽ പെർമിറ്റ് ഫീസിന് പുറമെ **300**/-രൂപ നിരക്കിൽ റഗുലറൈസേഷൻ ഫീസ് കൂടി ആകെ **450**/- രൂപ നിരക്കിൽ **4.92,500**/- രൂപ **14.08.2023** തീയതിയിൽ ഈടാക്കുകയും പിന്നീട് പ്രസ്തുത രസീത് **16.08.2023**-ന് ക്യാൻസൽ ചെയ്ത് **150**/-രൂപ നിരക്കിൽ **1,64,147**/-രൂപ ഈടാക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിന്റെ ബാങ്ക" പാസ്സ് ബുക്ക് പരിശോധിച്ചതിൽ **14.08.2023**-ന് **4,92,440**/-

*രൂപ പഞ്ചായത്തിന്റെ അക്കൌണ്ടിലേക്ക് **RTGS** ചെയ്തതായും **24.08.2023**-ന് അത്രയും തുക തി**Reversal** ചെയ്തതായും കാണുന്നു പെർമിറ്റ് ലഭിച്ചതിന് ശേഷം ഒരു നില കൂടി അധികമായി നിർമ്മിക്കുന്നതിന് പെർമിറ്റിനുള്ള അപേക്ഷയായിട്ടാണ് **ILGMS** - -ൽ അപേക്ഷ സ്വീകരിച്ചിട്ടുള്ളത്. ഫയലിൽ അധിക നിലയുടെ നിർമ്മാണം ആരംഭിച്ചിട്ടുള്ളതായോ കെട്ടിടം ക്രമവൽക്കരിക്കേണ്ടതായോ സ്ഥല പരിശോധന നടത്തിയ എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടില്ലാത്തതാണ്. ഇവിടെ പെർമിറ്റ് ഫീസായി മൂന്നിരട്ടി ഫീസ് ഈടാക്കുകയും (പെർമിറ്റ് ഫീസിനൊപ്പം രണ്ടിരട്ടി ക്രമവൽക്കരണ ഫീസ്) പിന്നീട് രസീത് ക്യാൻസൽ ചെയ്ത് മറ്റൊരു രസീത് പ്രകാരം ശരിയായ തുക ഈടാക്കുകയുമാണ് ചെയ്തിട്ടുള്ളത്. ആദ്യം രസിത് ചെയ്ത തുക കെട്ടിട ഉടമയ്ക്ക് തിരികെ നൽകിയിട്ടുണ്ട്. ഇത് മൂലം പഞ്ചായത്തിന് സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെങ്കിലും കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ട പ്രകാരം **Access** ഇല്ലാതെ കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയതും പിന്നീട് റിവൈസ്ഡ് പെർമിറ്റ് നൽകിയതും തെറ്റായ നടപടിയാണ്.*

***iv)**മുളിയാർ ഗ്രാമപഞ്ചായത്തിലെ മാസ്തിക്കുണ്ട് എന്ന സ്ഥലത്ത് സർക്കാർ പുറമ്പോക്ക് ഭൂമിയോട് **(AW Land)** ചേർന്നുകിടക്കുന്ന ശ്രീ.മൊയ്തീൻ ജാസിറലി എന്നവരുടെ ഉടമസ്ഥതയിലുള്ള സി എം ഹോസ്പിറ്റൽ എന്ന കെട്ടിടത്തിന്റെ നിർമ്മാണം അന്വേഷണ ഉദ്യോഗസ്ഥന്റെ റിപ്പോർട്ട് പ്രകാരം ക്രമവൽക്കരിച്ചതും കെട്ടിട നമ്പർ അനുവദിച്ചിട്ടുള്ളതുമാണ്. കെട്ടിടത്തിനോട് ചേർന്ന സർക്കാർ പുറമ്പോക്ക് സ്ഥലം സ.ഉ.(കൈ) നം. **209/2024/RD** തിയ്യതി **25.10.2024** ഉത്തരവ് പ്രകാരം ഹോസ്പിറ്റലിലേക്കുള്ള വഴി സൌകര്യത്തിനായും പാർക്കിങ്ങ് സൌകര്യത്തിനുമായി കമ്പോള വിലയുടെ **2%** വാർഷിക പാട്ടം ഈടാക്കി നിലവിലുള്ള പാട്ട വ്യവസ്ഥകൾക്ക് വിധേയമായി **6** വർഷത്തേക്ക് പാട്ടത്തിന് നൽകിയിട്ടുള്ളതാണ്.*

5.സർക്കാർ ഈക്കാര്യം വിശദമായി പരിശോധിച്ചു. കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ട പ്രകാരം **Access** ഇല്ലാതെ കെട്ടിട നിർമ്മാണ പെർമിറ്റ് നൽകിയതും പിന്നീട് റിവൈസ്ഡ് പെർമിറ്റ് നൽകിയതും സെക്രട്ടറി ശ്രീ.എ.ആർ. പ്രശാന്ത്കുമാർ-ന്റെ ഭാഗത്ത് നിന്നും ഉണ്ടായ വീഴ്ചയാണെങ്കിലും. ടിയാനെതിരെ കെ.സി.എസ് (സി.സി **&** എ) ചട്ടങ്ങളിലെ ചട്ടം **16** പ്രകാരം ലഘു ശിക്ഷയ്ക്കുള്ള നടപടിയ്ക്കാണ് കുറ്റാരോപണ മെമ്മോ നൽകിയിട്ടുള്ളതെന്നതിനാൽ, **30.04.2026**.-ൽ ടിയാൻ വിരമിച്ച സാഹചര്യത്തിൽ കെ.എസ്.ആർ പ്രകാരമുള്ള കഠിന ശിക്ഷ നൽകേണ്ടതില്ല എന്ന് തീരുമാനിച്ച്, കാസർഗോഡ് ജില്ലയിലെ മുളിയാർ ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.എ.ആർ.പ്രശാന്ത്കുമാർ-നെതിരെയുള്ള നടപടികൾ ഉപേക്ഷിച്ച് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ് ഇക്കാര്യത്തിൽ തുടർ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JASMI O P

ഡെപ്യൂട്ടി സെക്രട്ടറി

1. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
2. ശ്രീ.എ.ആർ.പ്രശാന്ത്കുമാർ, മൂളിയാർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി (തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള തിരുവനന്തപുരം/തൃശ്ശൂർ.
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ,തിരുവനന്തപുരം.
5. ജോയിന്റ് ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം.
6. വിജിലൻസ്(ഇ) വകുപ്പ് **(VIG-E4/138/2024-VIG)**
7. വിവര, പൊതുജന സമ്പർക്ക(വെബ് & ന്യൂ മീഡിയ) വകുപ്പ്.
8. കരുതൽ ഫയൽ/ഓഫീസ്.(ഇപിബി3/196/2024/തസ്വഭവ ഫയലിലേക്ക്)

ഉത്തരവിൻ പ്രകാരം

Digitally signed by Sivaprasad V N
Date: 09-11-2026 14:51:01

സെക്ഷൻ ഓഫീസർ